ENTRI

# രസതന്ത്രം

**1. അയോണീക ഊർജം ആശ്രയിക്കുന്ന രണ്ടു പ്രധാന ഘടകങ്ങൾ ഏതെല്ലാം:**
1. ന്യൂക്ലിയർ ചാർജ്
2. ആറ്റത്തിന്റെ വലുപ്പം
3. ഭൗതിക ഗുണം
A. 1,2 B. 2,3 C. 1,3 D. ഇവയൊന്നുമല്ല

**Solution: A. 1,2**
• വാതകാവസ്ഥയിലുള്ള ഒറ്റപ്പെട്ട ഒരു ആറ്റത്തിൻറെ ബാഹ്യമതാഷെല്ലിലെ ഇലക്ട്രോണിനെ സ്വതന്ത്രമാക്കാൻ ആവശ്യമായ ഊർജമാണ് ആ മൂലകത്തിൻറെ അയോണീക ഊർജം.
• അയോണീക ഊർജം ആശ്രയിക്കുന്ന രണ്ടു പ്രധാന ഘടകങ്ങൾ ആണ്- ന്യൂക്ലിയർ ചാർജ്, ആറ്റത്തിന്റെ വലുപ്പം
• ആറ്റത്തിന്റെ വലുപ്പം കൂടുമ്പോൾ ന്യൂക്ലിയസ്സിനു ബാഹ്യതമ ഇലക്ട്രോണുകളിൻ മേലുള്ള ആകർഷണ ബലം കുറയുന്നു.
• അതിനാൽ അയോണീക ഊർജം കുറയുന്നു.

**2. പീരിയഡിൽ ഇടത്തുനിന്നും വലത്തോട്ട് പോകുമ്പോൾ __________?**
1. ന്യൂക്ലിയർ ചാർജ് കൂടുന്നു
2. ആറ്റത്തിന്റെ വലുപ്പം കുറയുന്നു.
3. ന്യൂക്ലിയസ്സും ബാഹ്യതമ ഷെല്ലും തമ്മിലുള്ള ആകർഷണം കൂടുന്നു.
4. അയോണീക ഊർജം കൂടുന്നു.
A. 1,2 B. 1,2,3 C. 1,3,4 D. 1,2,3,4

**Solution: D. 1,2,3,4**
• ആറ്റത്തിൻറെ വലുപ്പം കൂടുമ്പോൾ ന്യൂക്ലിയസ്സിനു ബാഹ്യതമ ഇലക്ട്രോണുകളിൻ മേലുള്ള ആകർഷണ ബലം കുറയുന്നു. അതിനാൽ അയോണീക ഊർജം കുറയുന്നു.
• ഒരു ഗ്രൂപ്പിൽ മുകളിൽ നിന്നും താഴേക്കുവരുമ്പോൾ ആറ്റത്തിൻറെ വലുപ്പം കൂടുന്നതിനാൽ അയോണീക ഊർജവും കുറയുന്നു.
• പീരിയഡിൽ ഇടത്തുനിന്നും വലത്തോട്ട് പോകുമ്പോൾ ന്യൂക്ലിയർ ചാർജ് കൂടുന്നു , ആറ്റത്തിൻറെ വലുപ്പം കുറയുന്നു, ന്യൂക്ലിയസ്സും ബാഹ്യതമ ഷെല്ലും തമ്മിലുള്ള ആകർഷണം കൂടുന്നു , അതിനാൽ അയോണീക ഊർജം കൂടുന്നു.

**3. തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:**
1. ഗ്രൂപ്പിൽ മുകളിൽ നിന്നും താഴേക്കു പോകും തോറും ലോഹസ്വഭാവം കൂടി വരുന്നു.
2. ആറ്റത്തിൻറെ വലുപ്പം കുറയുമ്പോൾ അലോഹസ്വഭാവം കൂടുന്നു.
3. ആറ്റത്തിൻറെ വലുപ്പം കുറയുമ്പോൾ ലോഹസ്വഭാവം കുറയുന്നു.
A. ഒന്ന് മാത്രം ശരി B. രണ്ട് മാത്രം തെറ്റ്


ENTRI

C. രണ്ടും മൂന്നും ശരി D. എല്ലാം ശരി

**Solution: D. എല്ലാം ശരി**

• ആറ്റത്തിൻറെ വലുപ്പം കൂടുമ്പോൾ ന്യൂക്ലിയസ്സിനു ബാഹ്യതമ ഇലക്ട്രോണുകളിൻ മേലുള്ള ആകർഷണ ബലം കുറയുന്നു. അതിനാൽ അയോണീക ഊർജം കുറയുന്നു.

• ഒരു ഗ്രൂപ്പിൽ മുകളിൽ നിന്നും താഴേക്കുവരുമ്പോൾ ആറ്റത്തിൻറെ വലുപ്പം കൂടുന്നതിനാൽ അയോണീക ഊർജവും കുറയുന്നു.

• പീരിയഡിൽ ഇടത്തുനിന്നും വലത്തോട്ട് പോകുമ്പോൾ ന്യൂക്ലിയർ ചാർജ് കൂടുന്നു, ആറ്റത്തിൻറെ വലുപ്പം കുറയുന്നു, ന്യൂക്ലിയസ്സും ബാഹ്യതമ ഷെല്ലും തമ്മിലുള്ള ആകർഷണം കൂടുന്നു, അതിനാൽ അയോണീക ഊർജം കൂടുന്നു.

**4. താഴെ നല്കിയിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. ഒരു ഗ്രൂപ്പിൽ മുകളിൽ നിന്നും താഴേക്കുവരുമ്പോൾ ഇലക്ട്രോനെഗറ്റിവിറ്റി കൂടുന്നു.
2. ഇലക്ട്രോനെഗറ്റിവിറ്റി കുറഞ്ഞ മൂലകങ്ങൾ ലോഹങ്ങളാണ്.
3. പീരിയഡിൽ ഇടത്തുനിന്നും വലത്തോട്ട് പോകുമ്പോൾ അലോഹസ്വഭാവം കൂടുന്നു.

A. 1,2 B. 2,3 C. 1,2,3 D. 1,3

**Solution: B. 2,3**

• ഒരു ഗ്രൂപ്പിൽ മുകളിൽ നിന്നും താഴേക്കുവരുമ്പോൾ ഇലക്ട്രോനെഗറ്റിവിറ്റി കുറയുന്നു.

• ആറ്റത്തിൻറെ വലുപ്പം കൂടുമ്പോൾ ലോഹ സ്വഭാവം കൂടുന്നു അലോഹ സ്വഭാവം കുറയുന്നു.

• ഗ്രൂപ്പിൽ മുകളിൽ നിന്നും താഴേക്കു പോകും തോറും ലോഹസ്വഭാവം കൂടി വരുന്നു.

• ആറ്റത്തിൻറെ വലുപ്പം കുറയുമ്പോൾ അലോഹസ്വഭാവം കൂടുന്നു. ലോഹ സ്വഭാവം കുറയുന്നു.

• പീരിയഡിൽ ഇടത്തുനിന്നും വലത്തോട്ട് പോകുമ്പോൾ അലോഹസ്വഭാവം കൂടുന്നു.

**5. താഴെ തന്നിരിക്കുന്നവയിൽ ലോഹങ്ങളുടെയും അലോഹങ്ങളുടെയും സ്വഭാവം കാണിക്കുന്ന മൂലകങ്ങൾ ഏതെല്ലാം:**

1. ബോറോൺ 2. സിലിക്കൺ 3. ജെർമേനിയം 4. ആഴ്സനിക്

A. 1,2 B. 1,3,4 C. 2,3,4 D. 1,2,3,4

**Solution: D. 1,2,3,4**

• ആറ്റത്തിൻറെ വലുപ്പം കൂടുമ്പോൾ ലോഹ സ്വഭാവം കൂടുന്നു, അലോഹ


ENTRI

സ്വഭാവം കുറയുന്നു.
• ലോഹങ്ങൾ ഇലക്ട്രോ പോസിറ്റീവ് മൂലകങ്ങൾ എന്ന് അറിയപ്പെടുന്നു.
• അലോഹങ്ങൾ ഇലക്ട്രോ നെഗറ്റീവ് മൂലകങ്ങൾ എന്ന് അറിയപ്പെടുന്നു.
• ലോഹങ്ങളുടെയും അലോഹങ്ങളുടെയും സ്വഭാവം കാണിക്കുന്ന മൂലകങ്ങൾ- ഉപലോഹങ്ങൾ
• ഉപലോഹങ്ങൾ- ബോറോൺ, സിലിക്കൺ, ജെർമേനിയം, ആഴ്സനിക്, ആന്റിമണി, ടെലൂറിയം, പൊളോണിയം, അസറ്റാറ്റിൻ

**6. താഴെ നല്കിയിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**
1. സംക്രമണ മൂലകങ്ങൾ- d ബ്ലോക്ക് മൂലകങ്ങൾ
2. ലാൻഥനൈഡുകളും ആക്ടിനൈഡുകളും - f ബ്ലോക്ക് മൂലകങ്ങൾ
3. ലാൻഥനൈഡുകൾ- റെയർ എർത്ത്സ്

A. 1,2 B. 2,3 C. 1,2,3 D. 1,3

**Solution: C. 1,2,3**
• f ബ്ലോക്ക് മൂലകങ്ങൾ എന്നറിയപ്പെടുന്നത്- ലാൻഥനൈഡുകളും ആക്ടിനൈഡുകളും
• റെയർ എർത്ത്സ് എന്നറിയപ്പെടുന്നത്- ലാൻഥനൈഡുകൾ
• എർത്ത് മെറ്റൽസ് എന്നറിയപ്പെടുന്നത്- 13-ആം ഗ്രൂപ്പ് മൂലകങ്ങൾ
• ചാൽക്കോജനുകൾ എന്നറിയപ്പെടുന്നത്- 16-ആം ഗ്രൂപ്പ് മൂലകങ്ങൾ
• എല്ലാ സംക്രമണമൂലകങ്ങള ലോഹങ്ങളാണ്.
• നിറമുള്ള സംയുക്തങ്ങൾ ഉണ്ടണ്ടാകുന്ന മൂലകങ്ങൾ- സംക്രമണ മൂലകങ്ങൾ

**7. താഴെ നല്കിയിരിക്കുന്നവയിൽ ശരിയല്ലാത്ത ജോഡികൾ ഏതെല്ലാം:**
1. നാരങ്ങ, ഓറഞ്ച് - സിട്രിക് ആസിഡ്
2. തേയില- കാർബോണിക് ആസിഡ്
3. സോഡ- ടാനിക് ആസിഡ്
4. ആപ്പിൾ - മാലിക് ആസിഡ്
5. വിനാഗിരി- അസറ്റിക് ആസിഡ്

A. 1, 2, 3 B. 2, 3
C. 2, 3, 4 D. എല്ലാം ശരിയാണ്

**Solution: B. 2, 3**
ആസിഡും പദാർത്ഥങ്ങളും
• നാരങ്ങ, ഓറഞ്ച് - സിട്രിക് ആസിഡ്
• ആപ്പിൾ - മാലിക് ആസിഡ്
• വിനാഗിരി- അസറ്റിക് ആസിഡ്
• തക്കാളി, ചുവന്നുള്ളി- ഓക്സലിക് ആസിഡ്


ENTRI

• പാൽ, തൈര്, മോര്- ലാക്ടിക് ആസിഡ്
• മുന്തിരി, പുളി- ടാർടാറിക് ആസിഡ്
• തേയില- ടാനിക് ആസിഡ്
• സോഡ- കാർബോണിക് ആസിഡ്
• തേങ്ങാവെള്ളം- കാപ്രിക്ആസിഡ്

**8. വെറ്റിലയിൽ അടങ്ങിയിരിക്കുന്ന ആസിഡ്?**
A. ആസിഡ് അസെറ്റിക് ആസിഡ്
B. ഫോമിക് ആസിഡ്
C. ഹൈഡ്രോക്ലോറിക് ആസിഡ്
D. കാറ്റാച്യൂണിക് ആസിഡ്

**Solution: D. കാറ്റാച്യൂണിക് ആസിഡ്**
• ഉറുമ്പിൻറെയും തേനീച്ചയുടെയും ശരീരത്തിൽ സ്വാഭാവികമായുള്ള ആസിഡാണ് ഫോമിക് ആസിഡ്.
• ഏറ്റവും ആദ്യം കണ്ടുപിടിക്കപ്പെട്ട ആസിഡ് അസെറ്റിക് ആസിഡ്.
• വിനാഗിരിയിൽ അടങ്ങിയിരിക്കുന്നത് അസെറ്റിക് ആസിഡാണ്. എതനോയിക് ആസിഡ് എന്നും ഇതറിയപ്പെടുന്നു.

**9. തന്നിരിക്കുന്ന സൂചനകൾ വായിച്ച് ആസിഡ് ഏതെന്ന് തിരിച്ചറിയുക:**
• വായുവിൽ പുകയുന്ന ആസിഡ്
• ഓസ്റ്റവാൾഡ് പ്രക്രിയ

A. നൈട്രിക് ആസിഡ്
B. ഹൈഡ്രോക്ലോറിക് ആസിഡ്
C. കാറ്റാച്യൂണിക് ആസിഡ്
D. ഫോമിക് ആസിഡ്

**Solution: A. നൈട്രിക് ആസിഡ്**
• വിനാഗിരിയിൽ അടങ്ങിയിരിക്കുന്നത് അസെറ്റിക് ആസിഡാണ്. എതനോയിക് ആസിഡ് എന്നും ഇതറിയപ്പെടുന്നു.
• മനുഷ്യരുടെ ആമാശയ രസത്തിൽ അടങ്ങിയിരിക്കുന്നത് ഹൈഡ്രോക്ലോറിക് ആസിഡ്.
• 'ഓയിൽ ഓഫ് വിട്രിയോൾ' എന്നറിയപ്പെടുന്നത് സൾഫ്യൂരിക് ആസിഡാണ്. കോൺടാക്ട് പ്രക്രിയയിലൂടെയാണിത് നിർമിക്കുന്നത്.

**10. താഴെ തന്നിരിക്കുന്നവയിൽ സൾഫ്യൂരിക് ആസിഡുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത്?**
A. ഡൈ ഹൈഡ്രജൻ സൾഫേറ്റ്
B. സമ്പർക്ക പ്രക്രിയ
C. മ്യൂറിയാറ്റിക് ആസിഡ്
D. ആസിഡുകളുടെ രാജാവ്

**Solution: C. മ്യൂറിയാറ്റിക് ആസിഡ്**
• മ്യൂറിയാറ്റിക് ആസിഡ് - ഹൈഡ്രോക്ലോറിക് ആസിഡ്.
**സൾഫ്യൂരിക് ആസിഡ് H2SO4**


ENTRI

• ഡൈ ഹൈഡ്രജൻ സൾഫേറ്റ്.
• ആസിഡുകളുടെ രാജാവ്.
• രാസ വസ്തുക്കളുടെ രാജാവ്.
• നിർമാണ പ്രക്രിയ - സമ്പർക്ക പ്രക്രിയ
• സമ്പർക്ക പ്രക്രിയയിലെ ഉൽപ്രേരകം- V2O5
• രാസവള നിർമ്മാണത്തിന് ഉപയോഗിക്കുന്നു.
• ചായങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നു.
• ഡൈനാമൈറ്റ് നിർമ്മാണത്തിന് ഉപയോഗിക്കുന്നു.
• കാർ ബാറ്ററികളിൽ ഉപയോഗിക്കുന്നു.
• പെയിൻറ് നിർമ്മാണത്തിന് ഉപയോഗിക്കുന്നു.

**11. താഴെ നല്കിയിരിക്കുന്നവയിൽ ശരിയായ പ്രസ്താവനകൾ ഏതെല്ലാം:**

1. അലോഹങ്ങളും , ആസിഡും തമ്മിൽ പ്രവൃത്തിക്കുമ്പോൾ വൈദ്യുതി ഉണ്ടാകുന്നു.
2. ആസിഡുകൾ, കാർബണേറ്റുകളായി പ്രവൃത്തിക്കുമ്പോൾ $CO_2$ ഉണ്ടാകുന്നു.
3. മണ്ണിൻറെ ആസിഡ് സ്വഭാവം കുറക്കാൻ കുമ്മായം ചേർക്കുന്നു.

A. ഒന്ന് മാത്രം ശരിയാണ്
B. രണ്ടും മൂന്നും ശരിയാണ്
C. ഒന്നും രണ്ടും ശരിയാണ്
D. എല്ലാം ശരിയാണ്

**Solution: B. രണ്ടും മൂന്നും ശരിയാണ്**

• ആസിഡുകൾ ലോഹങ്ങളുമായി പ്രവൃത്തിക്കുമ്പോൾ ഉണ്ടാകുന്ന വാതകം - ഹൈഡ്രജൻ
• ലോഹങ്ങളും , ആസിഡും തമ്മിൽ പ്രവൃത്തിക്കുമ്പോൾ വൈദ്യുതി ഉണ്ടാകുന്നു.
• അലോഹ ഓക്സൈഡുകൾ ജലവുമായി പ്രവൃത്തിച്ചാൽ ഉണ്ടാകുന്ന പദാർത്ഥം ആസിഡ് ഗുണം കാണിക്കുന്നു.
• അമ്ലമഴ (acid rain) കാരണം - $SO_2$, $NO_2$

**12. രാസപ്രവർത്തന വേഗതയെ സ്വാധീനിക്കുന്ന ഘടകങ്ങൾ ഏതെല്ലാം:**

1. അഭികാരകങ്ങളുടെ സ്വഭാവം
2. ഗാഢത
3. ഖര പദാർത്ഥങ്ങളുടെ പ്രതലപരപ്പളവ്
4. താപനില
5. ഉൽപ്രേരകങ്ങൾ

A. 1,2,3,4
B. 2,3,4,5
C. 1,2,4,5
D. 1,2,3,4,5

**Solution: D. 1,2,3,4,5**

• അഭികാരകങ്ങളുടെ ഗാഢത കൂടുംതോറും യൂണിറ്റ് വ്യാപ്തത്തിലെ തന്മാ

ത്രകളുടെ എണ്ണവും ഫലവത്തായ കൂട്ടിമുട്ടലുകളുടെ എണ്ണവും കൂടുന്നതിനാൽ രാസപ്രവർത്തന വേഗത കൂടുന്നു.

• ഖരവസ്തുക്കൾ ഉൾപ്പെട്ട രാസപ്രവർത്തനങ്ങളിൽ അവയെ ചെറുകഷ്ണങ്ങളാക്കി മാറ്റുമ്പോൾ അല്ലെങ്കിൽ പൊടിച്ച് ഉപയോഗിക്കുമ്പോൾ അവയുടെ പ്രതലപരപ്പളവ് കൂടുന്നതിനാൽ രാസപ്രവർത്തന വേഗതയും കൂടുന്നു.

• താപനില വർദ്ധിക്കുമ്പോൾ രാസപ്രവർത്തന വേഗത കൂടുന്നു.

• രാസപ്രവർത്തന വേഗത വർദ്ധിപ്പിക്കാൻ ഉപയോഗിക്കുന്ന ഉൽപ്രേരകങ്ങൾ അറിയപ്പെടുന്നത്- പോസിറ്റീവ് ഉൽപ്രേരകങ്ങൾ

**13. അമോണിയ നിർമ്മാണത്തിൽ ഉപയോഗിക്കുന്ന പോസിറ്റീവ് ഉൽപ്രേരകം?**

A. ഇരുമ്പ്
B. വനേഡിയം പെൻറോക്സൈഡ്
C. ഫോസ്ഫോറിക് ആസിഡ്
D. ഹൈഡ്രജൻ ക്ലോറൈഡ്

**Solution: A. ഇരുമ്പ്**

• സ്വയം സ്ഥിരമായ രാസമാറ്റത്തിന് വിധേയമാകാതെ രാസപ്രവർത്തനവേഗത്തിൽ മാറ്റമുണ്ടാക്കുന്ന പദാർത്ഥങ്ങൾ അറിയപ്പെടുന്നത്- ഉൽപ്രേരകങ്ങൾ

• രാസപ്രവർത്തന വേഗത വർദ്ധിപ്പിക്കാൻ ഉപയോഗിക്കുന്ന ഉൽപ്രേരകങ്ങൾ അറിയപ്പെടുന്നത്- പോസിറ്റീവ് ഉൽപ്രേരകങ്ങൾ

• രാസപ്രവർത്തന വേഗത കുറക്കാൻ ഉപയോഗിക്കുന്ന ഉൽപ്രേരകങ്ങൾ- നെഗറ്റിവ് ഉൽപ്രേരകങ്ങൾ

**14. രാസപ്രവർത്തന വേഗത വർദ്ധിപ്പിക്കാൻ ഉപയോഗിക്കുന്ന ഉൽപ്രേരകങ്ങൾ അറിയപ്പെടുന്നത്?**

A. പോസിറ്റീവ് ഉൽപ്രേരകങ്ങൾ
B. നെഗറ്റിവ് ഉൽപ്രേരകങ്ങൾ
C. അയിരുകൾ
D. അഭികാരകങ്ങൾ

**Solution: A. പോസിറ്റീവ് ഉൽപ്രേരകങ്ങൾ**

• സ്വയം സ്ഥിരമായ രാസമാറ്റത്തിന് വിധേയമാകാതെ രാസപ്രവർത്തനവേഗത്തിൽ മാറ്റമുണ്ടാക്കുന്ന പദാർത്ഥങ്ങൾ അറിയപ്പെടുന്നത്- ഉൽപ്രേരകങ്ങൾ

• രാസപ്രവർത്തന വേഗത വർദ്ധിപ്പിക്കാൻ ഉപയോഗിക്കുന്ന ഉൽപ്രേരകങ്ങൾ അറിയപ്പെടുന്നത്- പോസിറ്റീവ് ഉൽപ്രേരകങ്ങൾ

• രാസപ്രവർത്തന വേഗത കുറക്കാൻ ഉപയോഗിക്കുന്ന ഉൽപ്രേരകങ്ങൾ- നെഗറ്റിവ് ഉൽപ്രേരകങ്ങൾ

• ഹൈഡ്രജൻ പെറോക്സൈഡ് വിഘടിച്ച് ജലവും ഓക്സിജനും ഉണ്ടാകുന്ന വേഗത കുറക്കാൻ ഉപയോഗിക്കുന്ന ഉൽപ്രേരകം - ഫോസ്ഫോറിക് ആസിഡ് ($H_3PO_4$)

• സൾഫ്യൂരിക് ആസിഡിൻറെ നിർമ്മാണത്തിൽ ഉപയോഗിക്കുന്ന പോസിറ്റീവ് ഉൽപ്രേരകം- വനേഡിയം പെൻറോക്സൈഡ്


ENTRI

• അമോണിയ നിർമ്മാണത്തിൽ ഉപയോഗിക്കുന്ന പോസിറ്റീവ് ഉൽപ്രേരകം- ഇരുമ്പ്
• ജീവശാസ്ത്രപരമായ ഉൽപ്രേരകങ്ങൾ- എൻസൈമുകൾ

**15. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ നിന്നും ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**
1. രാസപ്രവർത്തന വേഗത കുറക്കാൻ ഉപയോഗിക്കുന്ന ഉൽപ്രേരകങ്ങൾ- പോസിറ്റീവ് ഉൽപ്രേരകങ്ങൾ
2. താപനില വർദ്ധിക്കുമ്പോൾ രാസപ്രവർത്തന വേഗത കൂടുന്നു.
3. അഭികാരകങ്ങളുടെ ഗാഢത കൂടുംതോറും രാസപ്രവർത്തന വേഗത കുറയുന്നു.

A. ഒന്ന് മാത്രം ശരിയാണ്
B. രണ്ട് മാത്രം ശരിയാണ്
C. രണ്ടും മൂന്നും ശരിയാണ്
D. എല്ലാം ശരിയാണ്

**Solution: B. രണ്ട് മാത്രം ശരിയാണ്**
• അഭികാരകങ്ങളുടെ ഗാഢത കൂടുംതോറും യൂണിറ്റ് വ്യാപ്തത്തിലെ തന്മാത്രകളുടെ എണ്ണവും ഫലവത്തായ കൂട്ടിമുട്ടലുകളുടെ എണ്ണവും കൂടുന്നതിനാൽ രാസപ്രവർത്തന വേഗത കൂടുന്നു.
• ഖരവസ്തുക്കൾ ഉൾപ്പെട്ട രാസപ്രവർത്തനങ്ങളിൽ അവയെ ചെറുകഷ്ണങ്ങളാക്കി മാറ്റുമ്പോൾ അല്ലെങ്കിൽ പൊടിച്ച് ഉപയോഗിക്കുമ്പോൾ അവയുടെ പ്രതലപരപ്പളവ് കൂടുന്നതിനാൽ രാസപ്രവർത്തന വേഗതയും കൂടുന്നു.
• താപനില വർദ്ധിക്കുമ്പോൾ രാസപ്രവർത്തന വേഗത കൂടുന്നു.
• രാസപ്രവർത്തന വേഗത വർദ്ധിപ്പിക്കാൻ ഉപയോഗിക്കുന്ന ഉൽപ്രേരകങ്ങൾ അറിയപ്പെടുന്നത്- പോസിറ്റീവ് ഉൽപ്രേരകങ്ങൾ

**16. താപനില വർദ്ധിക്കുമ്പോൾ രാസപ്രവർത്തന വേഗത __________?**
A. കൂടുന്നു
B. കുറയുന്നു
C. ആദ്യം കൂടുന്നു ശേഷം കുറയുന്നു
D. മാറ്റമില്ലാതെ തുടരുന്നു

**Solution: A. കൂടുന്നു**
• താപനില വർദ്ധിക്കുമ്പോൾ രാസപ്രവർത്തന വേഗത കൂടുന്നു.
• രാസപ്രവർത്തനത്തിൽ പങ്കെടുക്കുന്നതിന് തന്മാത്രകൾക്ക് ഒരു നിശ്ചിത അളവ് ഗതികോർജ്ജം ആവശ്യമാണ്.
• ഈ ഊർജ്ജം അറിയപ്പെടുന്നത് ത്രെഷോൾഡ് എനർജി.

**17. താഴെ നല്കിയിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക:**
A. ലായനിയിൽ ലയിച്ചു ചേർന്ന ലീനത്തിൻറെ അളവ് പ്രസ്താവിക്കുന രീതി - പാർട്സ് പെർമില്യൻ
B. ഒരു ലായനിയിൽ കുറഞ്ഞ അളവിൽ എന്താണോ ഉള്ളത്, അതാണ് ലായകം


ENTRI

C. ഒരു നിശ്ചിത താപനിലയിൽ 100 ഗ്രാം ലായകത്തെ പൂരിതമാക്കാൻ ആവശ്യമായ ലീനത്തിൻറെ അളവ് - ലായനിയുടെ ഗാഢത
D. ഒരു നിശ്ചിത താപനിലയിൽ പരമാവധി ലീനം ലയിച്ച് ചേർന്നാൽ കിട്ടുന്ന ലായനി- പൂരിത ലായനി

**Solution: D. ഒരു നിശ്ചിത താപനിലയിൽ പരമാവധി ലീനം ലയിച്ച് ചേർന്നാൽ കിട്ടുന്ന ലായനി- പൂരിത ലായനി**

- ഒരു നിശ്ചിത അളവ് ലായനിയിൽ ലയിച്ച് ചേർന്ന ലീനത്തിൻറെ അളവ്- ലായനിയുടെ ഗാഢത
- ലായനിയിൽ ലയിച്ചു ചേർന്ന ലീനത്തിൻറെ അളവ് പ്രസ്താവിക്കുന്ന രീതി - മാസ് പേഴ്സന്റേജ്
- ഒരു നിശ്ചിത മാസ് ലായനിയേ ദശലക്ഷം ഭാഗങ്ങളാക്കിയാൽ എത്ര ഭാഗം ലീനം എന്ന് സൂചിപ്പിക്കുന്ന അളവ് - പാർട്സ് പെർമില്യൻ
- ഒരു നിശ്ചിത താപനിലയിൽ 100 ഗ്രാം ലായകത്തെ പൂരിതമാക്കാൻ ആവശ്യമായ ലീനത്തിൻറെ അളവ് (gm)- ലേയത്വം (Solubility)

**18. ഭിന്നാത്മക മിശ്രിതങ്ങൾക്ക് ഉദാഹരണങ്ങൾ തിരഞ്ഞെടുക്കുക:**
1. ചെളി വെള്ളം
2. വായു
3. മണ്ണെണ്ണയും വെള്ളവും ചേർന്ന മിശ്രിതം

A. 1, 2 B. 2, 3 C. 1, 3 D. 1, 2, 3

**Solution: D. 1,2,3**

- ഒരു മിശ്രിതത്തിൻറെ എല്ലാ ഭാഗത്തും ഘടകങ്ങൾ ചേർന്നിരിക്കുന്നത് ഒരേ പോലെ അല്ലാത്ത മിശ്രിതം- ഭിന്നാത്മക മിശ്രിതങ്ങൾ
- ഒരു മിശ്രിതത്തിൻറെ എല്ലാ ഭാഗത്തും ഘടകങ്ങൾ ഒരേ പോലെ ലയിച്ചു ചേർന്ന മിശ്രിതം - ഏകാത്മക മിശ്രിതങ്ങൾ
- ഏകാത്മക മിശ്രിതങ്ങൾക്ക് ഉദാഹരണങ്ങൾ - പഞ്ചസാര ലായനി, ഉപ്പു ലായനി, ആഭരണ സ്വർണ്ണം

**19. ഒരു മിശ്രിതത്തിൻറെ എല്ലാ ഭാഗത്തും ഘടകങ്ങൾ ഒരേ പോലെ ലയിച്ചു ചേർന്ന മിശ്രിതം?**

A. ഏകാത്മക മിശ്രിതങ്ങൾ B. ഭിന്നാത്മക മിശ്രിതങ്ങൾ
C. ഇവരണ്ടും D. ഇവയൊന്നുമല്ല

**Solution: A. ഏകാത്മക മിശ്രിതങ്ങൾ**

**മിശ്രിതങ്ങൾ**

പ്രധാനമായും രണ്ട് തരം
1. ഏകാത്മക മിശ്രിതങ്ങൾ
2. ഭിന്നാത്മക മിശ്രിതങ്ങൾ

**ഏകാത്മക മിശ്രിതങ്ങൾ**


ENTRI

• ഒരു മിശ്രിതത്തിൻറെ എല്ലാ ഭാഗത്തും ഘടകങ്ങൾ ഒരേ പോലെ ലയിച്ചു ചേർന്ന മിശ്രിതം
• പഞ്ചസാര ലായനി, ഉപ്പു ലായനി, ആഭരണ സ്വർണ്ണം

**ഭിന്നാത്മക മിശ്രിതങ്ങൾ**

• ഒരു മിശ്രിതത്തിൻറെ എല്ലാ ഭാഗത്തും ഘടകങ്ങൾ ചേർന്നിരിക്കുന്നത് ഒരേ പോലെ അല്ലാത്ത മിശ്രിതം
• ചെളി വെള്ളം, വായു, മണ്ണെണ്ണയും വെള്ളവും ചേർന്ന മിശ്രിതം

**20. താഴെ നല്കിയിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. ഒരു ലായനിക്ക് ലീനം, ലായകം എന്നീ രണ്ട് ഘടകങ്ങളുണ്ട്.
2. ലയിക്കുന്ന ഘടകത്തെ ലീനം എന്നും ലയിച്ചു ചേരുന്ന ഘടകത്തെ ലായകം എന്നും പറയുന്നു.
3. ഒരു നിശ്ചിത അളവ് ലായനിയിൽ ലയിച്ചുചേർന്ന ലീനത്തിൻറെ അളവ് - ലേയത്വം

A. 1, 2, 3    B. 1, 3    C. 1, 2    D. 2, 3

**Solution: C. 1, 2**

• ഒരു നിശ്ചിത അളവ് ലായനിയിൽ ലയിച്ചുചേർന്ന ലീനത്തിൻറെ അളവ് -ഗാഢത
• ഒരു നിശ്ചിത താപനിലയിൽ 100 ഗ്രാം ലായകത്തെ പൂരിതമാക്കാൻ ആവശ്യമായ ലീനത്തിൻറെ അളവ് (gm)- ലേയത്വം
• വളരെ കുറഞ്ഞ അളവിൽ അടങ്ങിയിരിക്കുന്ന ലീനത്തിൻറെ സാന്നിധ്യം പ്രസ്താവിക്കുന്ന യൂണിറ്റ് - പാർട്സ് പെർ മില്യൻ

**21. ഒരു നിശ്ചിത താപനിലയിൽ 100 ഗ്രാം ലായകത്തെ പൂരിതമാക്കാൻ ആവശ്യമായ ലീനത്തിൻറെ അളവ്?**

A. ലേയത്വം    B. പാർട്സ് പെർ മില്യൻ
C. ഗാഢത    D. മാസ് പേഴ്സന്റേജ്

**Solution: A. ലേയത്വം**

• ഒരു നിശ്ചിത അളവ് ലായനിയിൽ ലയിച്ചുചേർന്ന ലീനത്തിൻറെ അളവ് -ഗാഢത
• ഒരു നിശ്ചിത താപനിലയിൽ 100 ഗ്രാം ലായകത്തെ പൂരിതമാക്കാൻ ആവശ്യമായ ലീനത്തിൻറെ അളവ് (gm)- ലേയത്വം
• ലായനിയിൽ ലയിച്ചു ചേർന്ന ലീനത്തിൻറെ അളവ് പ്രസ്താവിക്കുന രീതി - മാസ് പേഴ്സന്റേജ്
• ഒരു നിശ്ചിത മാസ് ലായനിയേ ദശലക്ഷം ഭാഗങ്ങളാക്കിയാൽ എത്ര ഭാഗം ലീനം എന്ന് സൂചിപ്പിക്കുന്ന അളവ് - പാർട്സ് പെർമില്യൻ
• വളരെ കുറഞ്ഞ അളവിൽ അടങ്ങിയിരിക്കുന്ന ലീനത്തിൻറെ സാന്നിധ്യം പ്രസ്താവിക്കുന്ന യൂണിറ്റ് - പാർട്സ് പെർ മില്യൻ


ENTRI

**22. 'സ്ഥിര താപനിലയിൽ ഒരു ദ്രാവകത്തിൽ ലയിക്കുന്ന വാതകത്തിൻറെ അളവ് അതിൽ പ്രയോഗിക്കുന്ന മർദ്ദത്തിന് നേർ അനുപാതത്തിലാണ്' എന്ന് പ്രസ്താവിക്കുന്ന നിയമം ഏത്?**

A. ഹെൻറി നിയമം
B. റോൾട്ട് നിയമം
C. ഭാഗിക മാർദ്ദ നിയമം
D. ഇവയൊന്നുമല്ല

**Solution: A. ഹെൻറി നിയമം**

- ഹെൻറി നിയമം (Henry's Law)
- സ്ഥിര താപനിലയിൽ ഒരു ദ്രാവകത്തിൽ ലയിക്കുന്ന വാതകത്തിൻറെ അളവ് അതിൽ പ്രയോഗിക്കുന്ന മർദ്ദത്തിന് നേർ അനുപാതത്തിലാണ്.

**റോൾട്ട് നിയമം (Raoult's Law)**

- സ്ഥിര താപനിലയിൽ ബാഷ്പമാകുന്ന ലായനികളിലെ ഓരോ ഘടകത്തിൻറെയും ഭാഗിക മർദ്ദം അതിൻറെ മോൾ ഫ്രാക്ഷന് നേർ അനുപാതത്തിലായിരിക്കും.

**ഭാഗിക മാർദ്ദ നിയമം**

- രണ്ടോ അതിലധികമോ വാതകങ്ങൾ പ്രയോഗിക്കുന്ന ആകെ മർദ്ദം അവയിൽ ഓരോ വാതകങ്ങളും പ്രയോഗിക്കുന്ന മർദ്ദങ്ങളുടെ തുക ആയിരിക്കും.

**23. താഴെ നല്കിയിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. ഇലക്ട്രിക്കൽ എനർജിയെ കെമിക്കൽ എനർജിയാക്കി മാറ്റുന്നതിന് സഹായിക്കുന്ന സെല്ലുകൾ - ഇലക്ട്രോലൈറ്റിക് സെല്ലുകൾ
2. കെമിക്കൽ എനർജിയെ ഇലക്ട്രിക്കൽ എനർജിയാക്കി മാറ്റുന്നതിന് സഹായിക്കുന്ന സെല്ലുകൾ - സോളാർ സെല്ലുകൾ
3. ഇലക്ട്രിക്കൽ എനർജിയെ കുറിച്ചും കെമിക്കൽ എനർജിയെ കുറിച്ചും അവയുടെ പരിവർത്തനങ്ങളെ കുറിച്ചും ഉള്ള പഠന ശാഖ- ഇലക്ട്രോകെമിസ്ട്രി

A. 1, 2, 3
B. 1, 2
C. 1, 3
D. 2, 3

**Solution:C. 1, 3**

- ഇലക്ട്രോകെമിസ്ട്രി:-ഇലക്ട്രിക്കൽ എനർജിയെ കുറിച്ചും കെമിക്കൽ എനർജിയെ കുറിച്ചും അവയുടെ പരിവർത്തനങ്ങളെ കുറിച്ചും ഉള്ള പഠന ശാഖ.
- ഇതിൽ പ്രധാനമായും രണ്ട് തരം പരിവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നു.

1. ഇലക്ട്രിക്കൽ എനർജിയെ കെമിക്കൽ എനർജിയാക്കി മാറ്റുന്നതിനെ കുറിച്ച്.
2. കെമിക്കൽ എനർജിയെ ഇലക്ട്രിക്കൽ എനർജിയാക്കി മാറ്റുന്നതിനെ കുറിച്ച്.

- ഇലക്ട്രിക്കൽ എനർജിയെ കെമിക്കൽ എനർജിയാക്കി മാറ്റുന്നതിന് സഹായിക്കുന്ന സെല്ലുകൾ - ഇലക്ട്രോലൈറ്റിക് സെല്ലുകൾ


ENTRI

• കെമിക്കൽ എനർജിയെ ഇലക്ട്രിക്കൽ എനർജിയാക്കി മാറ്റുന്നതിന് സഹായിക്കുന്ന സെല്ലുകൾ - ഗാൽവാനിക് സെല്ലുകൾ

**24. ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. സാധാരണ അവസ്ഥയിൽ സംഭവിക്കാത്ത രാസപ്രവർത്തനങ്ങളെ വൈദ്യുതി പ്രവാഹം ഉപയോഗിച്ച് സാധ്യമാക്കുന്നതിനെയാണ് വൈദ്യുത വിശ്ലേഷണം എന്നു പറയുന്നത്.
2. ഗാൽവനിക് സെൽ, വോൾട്ടായിക്സെൽ എന്നും അറിയപ്പെടുന്നു.
3. ഇലക്ട്രിക്കൽ എനർജിയെ കെമിക്കൽ എനർജിയാക്കി മാറ്റുന്നതിന് സഹായിക്കുന്ന സെല്ലുകൾ - ഗാൽവാനിക് സെല്ലുകൾ

A. 1 ,2, 3 B. 2, 3 C. 1, 3 D. 1, 2

**Solution: D. 1, 2**

• ഇലക്ട്രോകെമിസ്ട്രി:-ഇലക്ട്രിക്കൽ എനർജിയെ കുറിച്ചും കെമിക്കൽ എനർജിയെ കുറിച്ചും അവയുടെ പരിവർത്തനങ്ങളെ കുറിച്ചും ഉള്ള പഠന ശാഖ.
• ഇലക്ട്രിക്കൽ എനർജിയെ കെമിക്കൽ എനർജിയാക്കി മാറ്റുന്നതിനും, കെമിക്കൽ എനർജിയെ ഇലക്ട്രിക്കൽ എനർജിയാക്കി മാറ്റുന്നതിനും സഹായിക്കുന്ന സെല്ലുകളെ പൊതുവായി പറയുന്ന പേര് - ഇലക്ട്രോ കെമിക്കൽ സെല്ലുകൾ
• ഇലക്ട്രിക്കൽ എനർജിയെ കെമിക്കൽ എനർജിയാക്കി മാറ്റുന്നതിന് സഹായിക്കുന്ന സെല്ലുകൾ - ഇലക്ട്രോലൈറ്റിക് സെല്ലുകൾ
• കെമിക്കൽ എനർജിയെ ഇലക്ട്രിക്കൽ എനർജിയാക്കി മാറ്റുന്നതിന് സഹായിക്കുന്ന സെല്ലുകൾ - ഗാൽവാനിക് സെല്ലുകൾ

**25. കെമിക്കൽ എനർജിയെ ഇലക്ട്രിക്കൽ എനർജിയാക്കി മാറ്റുന്നതിന് സഹായിക്കുന്ന സെല്ലുകൾ?**

A. ഗാൽവാനിക് സെല്ലുകൾ B. സോളാർ സെല്ലുകൾ
C. ഇലക്ട്രോലൈറ്റിക് സെല്ലുകൾ D. ഇലക്ട്രോ കെമിക്കൽ സെല്ലുകൾ

**Solution: A. ഗാൽവാനിക് സെല്ലുകൾ**

• ഇലക്ട്രിക്കൽ എനർജിയെ കെമിക്കൽ എനർജിയാക്കി മാറ്റുന്നതിന് സഹായിക്കുന്ന സെല്ലുകൾ - ഇലക്ട്രോലൈറ്റിക് സെല്ലുകൾ
• കെമിക്കൽ എനർജിയെ ഇലക്ട്രിക്കൽ എനർജിയാക്കി മാറ്റുന്നതിന് സഹായിക്കുന്ന സെല്ലുകൾ -ഗാൽവാനിക് സെല്ലുകൾ
• ഇലക്ട്രിക്കൽ എനർജിയെ കെമിക്കൽ എനർജിയാക്കി മാറ്റുന്നതിനും, കെമിക്കൽ എനർജിയെ ഇലക്ട്രിക്കൽ എനർജിയാക്കി മാറ്റുന്നതിനും സഹായിക്കുന്ന സെല്ലുകളെ പൊതുവായി പറയുന്ന പേര് - ഇലക്ട്രോ കെമിക്കൽ സെല്ലുകൾ

**26. Al,Na,Fe,Cu എന്നീ ലോഹങ്ങൾ ജലവുമായി പ്രവർത്തിച്ചപ്പോൾ ലഭിച്ച ചില നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.**


ENTRI

1. ഒരു ലോഹം തണുത്ത ജലവുമായി പ്രവർത്തിച്ചപ്പോൾ ആൽക്കലി സ്വഭാവമുള്ള പദാർത്ഥവും ഒരു വാതകവും ഉണ്ടായി.
2. മറ്റൊരു ലോഹം നീരാവിയുമായി മാത്രം പ്രവർത്തിച്ച് ഒരു വാതകം ഉണ്ടായി.
ലോഹങ്ങൾ ജലവുമായി പ്രവർത്തിക്കുമ്പോഴുണ്ടാകുന്ന വാതകം ഏത്?
A. $H_2$ B. $O_2$ C. $S_2$ D. OH

**Solution: A. H2**
• Na (സോഡിയം) തണുത്ത ജലവുമായി പ്രവർത്തിച്ചപ്പോൾ ആൽക്കലി സ്വഭാവമുള്ള പദാർത്ഥവും ഹൈഡ്രജൻ വാതകവും ഉണ്ടാവുന്നു.
$2Na + 2H_2O \rightarrow 2NaOH + H_2$
• Fe (ഇരുമ്പ്) നീരാവിയുമായി മാത്രം പ്രവർത്തിച്ച് ഹൈഡ്രജൻ വാതകം ഉണ്ടാവുന്നു.

**27. താഴെ നല്കിയിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**
1. കാറ്റ് നിറച്ച ബലൂൺ അമർത്തുമ്പോൾ പൊട്ടുന്നു - ബോയിൽ നിയമം
2. കാറ്റ് നിറച്ച ബലൂൺ വെയിലത്ത് കുറച്ച് സമയം വയ്ക്കുമ്പോൾ പൊട്ടുന്നു -ചാൾസ് നിയമം
3. ശീതീകരിച്ച മുറിയിൽ വച്ച ഹീലിയം ബലൂൺ ചുരുങ്ങുന്നു -ചാൾസ് നിയമം
4. ബലൂൺ ഊതിവീർപ്പിക്കുന്നു-അവൊഗാഡ്രോ നിയമം
A. 1,2,3 B. 2,3,4 C. 1,2,4 D. 1,2,3,4

**Solution: D. 1,2,3,4**
• താപനില, മർദ്ദം എന്നിവ സ്ഥിരമായിരിക്കുമ്പോൾ വാതകങ്ങളുടെ വ്യാപ്തം, തന്മാത്രകളുടെ എണ്ണത്തിന് നേർ അനുപാതത്തിലായിരിക്കും എന്ന് പ്രസ്ഥാവിക്കുന്ന നിയമം - അവൊഗാഡ്രോ നിയമം.
• മർദ്ദം സ്ഥിരമായിരിക്കുമ്പോൾ ഒരു നിശ്ചിത മാസ് ഉള്ള വാതകത്തിൻറെ വ്യാപ്തം കെൽവിൻ സ്കെയിലിലെ താപനിലയ്ക്ക് ആനുപാതികമായിരിക്കും എന്ന് പ്രസ്ഥാവിക്കുന്ന നിയമം- ചാൾസ് നിയമം
• താപനില സ്ഥിരമായിരിക്കുമ്പോൾ ഒരു നിശ്ചിത മാസ് ഉള്ള വാതകത്തിൻറെ വ്യാപ്തം മർദ്ദത്തിന് വിപരീതാനുപാതത്തിൽ ആയിരിക്കും എന്ന് പ്രസ്ഥാവിക്കുന്ന നിയമം - ബോയിൽ നിയമം

**28. താഴെ കൊടുത്തിരിക്കുന്ന ഉദാഹരണങ്ങൾ ഏത് വാതക നിയമവുമായി ബന്ധപ്പെട്ടിരിക്കുന്നു:**
1. വീർപ്പിച്ച ബലൂൺ വെള്ളത്തിനടിയിലേക്ക് താഴ്ത്തുമ്പോൾ വലിപ്പം കുറയുന്നു.
2. കാറ്റ് നിറച്ച ബലൂൺ അമർത്തുമ്പോൾ പൊട്ടുന്നു.
A. ബോയിൽ നിയമം B. ചാൾസ് നിയമം


ENTRI

C. അവൊഗാഡ്രോ നിയമം D. പാസ്ക്കൽ നിയമം

**Solution: A. ബോയിൽ നിയമം**

ബോയിൽ നിയമം

• താപനില സ്ഥിരമായിരിക്കുമ്പോൾ ഒരു നിശ്ചിത മാസ് ഉള്ള വാതകത്തിൻറെ വ്യാപ്തം മർദ്ദത്തിന് വിപരീതാനുപാതത്തിൽ ആയിരിക്കും എന്ന് പ്രസ്ഥാവിക്കുന്ന നിയമം .

• ബോയിൽ നിയമം അനുസരിച്ച് താപനില സ്ഥിരമായിരിക്കുമ്പോൾ മർദം കൂടുമ്പോൾ വ്യാപ്തം കുറയുന്നു .

**ഉദാഹരണങ്ങൾ -**

• വീർപ്പിച്ച ബലൂൺ വെള്ളത്തിനടിയിലേക്ക് താഴ്ത്തുമ്പോൾ വലിപ്പം കുറയുന്നു.

• കാറ്റ് നിറച്ച ബലൂൺ അമർത്തുമ്പോൾ പൊട്ടുന്നു.

**29. വാതക നിയമങ്ങളുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത്?**

A. താപനില സ്ഥിരമായിരിക്കുമ്പോൾ ഒരു നിശ്ചിത മാസ് ഉള്ള വാതകത്തിൻറെ വ്യാപ്തം മർദ്ദത്തിന് വിപരീതാനുപാതത്തിൽ ആയിരിക്കും എന്ന് പ്രസ്ഥാവിക്കുന്ന നിയമം - ബോയിൽ നിയമം

B. മർദ്ദം സ്ഥിരമായിരിക്കുമ്പോൾ ഒരു നിശ്ചിത മാസ് ഉള്ള വാതകത്തിൻറെ വ്യാപ്തം കെൽവിൻ സ്കെയിലിലെ താപനിലയ്ക്ക് ആനുപാതികമായിരിക്കും എന്ന് പ്രസ്ഥാവിക്കുന്ന നിയമം - ചാൾസ് നിയമം

C. താപനില, മർദ്ദം എന്നിവ സ്ഥിരമായിരിക്കുമ്പോൾ വാതകങ്ങളുടെ വ്യാപ്തം, തന്മാത്രകളുടെ എണ്ണത്തിന് നേർ അനുപാതത്തിലായിരിക്കും എന്ന് പ്രസ്ഥാവിക്കുന്ന നിയമം - അവൊഗാഡ്രോ നിയമം

D. എല്ലാം ശരിയാണ്

**29. വാതക നിയമങ്ങളുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവന ഏത്?**

A. താപനില സ്ഥിരമായിരിക്കുമ്പോൾ ഒരു നിശ്ചിത മാസ് ഉള്ള വാതകത്തിൻറെ വ്യാപ്തം മർദ്ദത്തിന് വിപരീതാനുപാതത്തിൽ ആയിരിക്കും എന്ന് പ്രസ്ഥാവിക്കുന്ന നിയമം - ബോയിൽ നിയമം

B. മർദ്ദം സ്ഥിരമായിരിക്കുമ്പോൾ ഒരു നിശ്ചിത മാസ് ഉള്ള വാതകത്തിൻറെ വ്യാപ്തം കെൽവിൻ സ്കെയിലിലെ താപനിലയ്ക്ക് ആനുപാതികമായിരിക്കും എന്ന് പ്രസ്ഥാവിക്കുന്ന നിയമം - ചാൾസ് നിയമം

C. താപനില, മർദ്ദം എന്നിവ സ്ഥിരമായിരിക്കുമ്പോൾ വാതകങ്ങളുടെ വ്യാപ്തം, തന്മാത്രകളുടെ എണ്ണത്തിന് നേർ അനുപാതത്തിലായിരിക്കും എന്ന് പ്രസ്ഥാവിക്കുന്ന നിയമം - അവൊഗാഡ്രോ നിയമം

D. എല്ലാം ശരിയാണ്

**Solution: D. എല്ലാം ശരിയാണ്**

• വ്യാപ്തം V എന്നും താപനില T എന്നും എടുത്താൽ VTഒരു സ്ഥിര സംഖ്യ ആയിരിക്കും എന്ന് പ്രസ്താവിക്കുന്ന നിയമം - ചാൾസ് നിയമം

• P_1Vഎന്ന സമവാക്യം ബോയിൽ നിയമവുമായി ബന്ധപ്പെട്ടിരിക്കുന്നു.
• ബോയിൽ നിയമം അനുസരിച്ച് താപനില സ്ഥിരമായിരിക്കുമ്പോൾ മർദം കൂടുമ്പോൾ വ്യാപ്തം കുറയുന്നു.

**30. തന്നിരിക്കുന്ന പ്രസ്താവനകൾ പരിഗണിക്കുക:**
1. ചാൾസ് നിയമം അനുസരിച്ച് ഊഷ്മാവ് കൂടുമ്പോൾ വ്യാപ്തം കുറയുന്നു.
2. ബോയിൽ നിയമം അനുസരിച്ച് താപനില സ്ഥിരമായിരിക്കുമ്പോൾ മർദം കൂടുമ്പോൾ വ്യാപ്തം കുറയുന്നു.

A. ഒന്ന് മാത്രം ശരി
B. രണ്ട് മാത്രം ശരി
C. രണ്ടും ശരിയാണ്
D. രണ്ടും തെറ്റാണ്

**Solution: B. രണ്ട് മാത്രം ശരി**
• മർദ്ദം സ്ഥിരമായിരിക്കുമ്പോൾ ഒരു നിശ്ചിത മാസ് ഉള്ള വാതകത്തിൻറെ വ്യാപ്തം കെൽവിൻ സ്കെയിലിലെ താപനിലയ്ക്ക് ആനുപാതികമായിരിക്കും എന്ന് പ്രസ്ഥാവിക്കുന്ന നിയമം - ചാൾസ് നിയമം.
• ചാൾസ് നിയമം അനുസരിച്ച് ഊഷ്മാവ് കൂടുമ്പോൾ വ്യാപ്തം കൂടുന്നു .

**31. താഴെ നല്കിയിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**
1. ആറ്റത്തിൻറെ കേന്ദ്രഭാഗം- ന്യൂട്രോൺ
2. ആറ്റത്തിലെ ഭാരം കൂടിയ കണം- ന്യൂട്രോൺ
3. ആറ്റത്തിലെ ഭാരം കുറഞ്ഞ കണം- ഇലക്ട്രോൺ

A. 1,2
B. 2,3
C. 1,2,3
D. 1,3

**Solution: B. 2,3**
• ആറ്റത്തിലെ മൂന്നു കണങ്ങൾ- പ്രോട്ടോൺ, ന്യൂട്രോൺ, ഇലക്ട്രോൺ
• ആറ്റത്തിൻറെ കേന്ദ്രഭാഗം-ന്യൂക്ലിയസ്
• ന്യൂക്ലിയസ്സിലെ കണങ്ങൾ- ന്യൂക്ലിയോണുകൾ
• ന്യൂക്ലിയോണുകൾ- പ്രോട്ടോണും ന്യൂട്രോണും
• ആറ്റത്തിലെ ഭാരം കൂടിയ കണം- ന്യൂട്രോൺ ആറ്റത്തിലെ ഭാരം കുറഞ്ഞ കണം- ഇലക്ട്രോൺ

**32. തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:**
1. ഒരാറ്റത്തിലെ പ്രോട്ടോണുകളുടെയും ഇലക്ട്രോണുകളുടെയും എണ്ണം തുല്യമായിരിക്കും
2. ന്യൂക്ലിയസ്സിലെ കണങ്ങൾ-പ്രോട്ടോണും ഇലക്ട്രോണും

A. 1 ശരി, 2 ശരി
B. തെറ്റ്, തെറ്റ്
C. ശരി, തെറ്റ്
D. തെറ്റ്, ശരി

**Solution: C. ശരി, തെറ്റ്**
• ആറ്റത്തിലെ മൂന്നു കണങ്ങൾ- പ്രോട്ടോൺ, ന്യൂട്രോൺ, ഇലക്ട്രോൺ
• ആറ്റത്തിൻറെ കേന്ദ്രഭാഗം-ന്യൂക്ലിയസ്


ENTRI

• ന്യൂക്ലിയസ്സിലെ കണങ്ങൾ- ന്യൂക്ലിയോണുകൾ
• ന്യൂക്ലിയോണുകൾ- പ്രോട്ടോണും ന്യൂട്രോണും
• ആറ്റത്തിലെ ഭാരം കൂടിയ കണം- ന്യൂട്രോൺ ആറ്റത്തിലെ ഭാരം കുറഞ്ഞ കണം- ഇലക്ട്രോൺ

**33. താഴെ നല്കിയിരിക്കുന്നവയിൽ നിന്നും തെറ്റായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. രണ്ട് ജോഡി ഇലക്ട്രോണുകൾ പങ്കുവെച്ചുണ്ടാവുന്ന സഹസംയോജക ബന്ധനം ആണ് ദ്വിബന്ധനം
2. നൈട്രജൻ തന്മാത്രയിൽ നടക്കുന്ന രാസബന്ധനം-ത്രിബന്ധനം
3. സോഡിയം ക്ലോറൈഡിലെ രാസബന്ധനം - അയോണിക ബന്ധനം

A. 1,2　　B. 2,3　　C. 1,3　　D. 1,2,3

**Solution: D. 1,2,3**

• ബാഹ്യതമഷെല്ലിലെ ഇലക്ട്രോണുകളുടെ അഷ്ടക സംവിധാനം കൈവരിച്ച് സ്ഥിരത നേടുന്ന പ്രക്രിയ - രാസബന്ധനം
• സോഡിയം ക്ലോറൈഡിലെ രാസബന്ധനം - അയോണിക ബന്ധനം
• അയോണിക ബന്ധനം വഴിയുണ്ടാകുന്നവയാണ് അയോണിക സംയുക്തങ്ങൾ
• ഇലക്ട്രോൺ പങ്കുവയ്ക്കൽ മൂലമുണ്ടാകുന്ന രാസബന്ധനമാണ് സഹസംയോജക ബന്ധനം.
• മൂന്നു ജോഡി ഇലക്ട്രോണുകളെ പങ്കുവച്ചുണ്ടാകുന്ന സഹസംയോജകബന്ധനത്തെ ത്രിബന്ധനം എന്നു പറയുന്നു.
• നൈട്രജൻ തന്മാത്രയിൽ നടക്കുന്ന രാസബന്ധനം-ത്രിബന്ധനം
• നൈട്രജൻ ഇലക്ട്രോൺ വിന്യാസം -2, 5.

**34. താഴെ നൽകിയിരിക്കുന്നവയിൽ നിന്നും അയോണിക സംയുക്തവുമായി യോജിക്കുന്ന പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. ഖരാവസ്ഥയിൽ കാണപ്പെടുന്നു.
2. ജലത്തിൽ ലയിക്കുന്നു.
3. വൈദ്യുതി കടത്തിവിടില്ല.

A. 1,2　　B. 2,3　　C. 1,3　　D. 1,2,3

**Solution: A. 1,2**

| ഗുണങ്ങൾ | അയോണിക സംയുക്തങ്ങൾ | സഹസംയോജക സംയുക്തങ്ങൾ |
|---|---|---|
| അവസ്ഥ | ഖരം | ഖരം, ദ്രാവകം, വാതകം എന്നീ മൂന്ന് അവസ്ഥകളിലും കാണപ്പെടുന്നു |
| ജലത്തിലെ ലേയത്വം | ജലത്തിൽ ലയിക്കുന്നു | ജലത്തിൽ ലയിക്കുന്നില്ല |


ENTRI

| | | |
|---|---|---|
| വൈദ്യുത ചാലകത | ലായിനിയിലും ഉരുകിയ അവസ്ഥയിലും വൈദ്യുതി കടത്തി വിടുന്നു | വൈദ്യുതി കടത്തി വിടുന്നില്ല |

**35. ചില മൂലകങ്ങളുടെ ഇലക്ട്രോൺ വിന്യാസം തന്നിരിക്കുന്നു:**

A - 2,8,2
B - 2,8,7
C - 2,8,6
D - 2,8,8
E - 2,8,1

രാസബന്ധനത്തിൽ ഏർപ്പെടുമ്പോൾ ഇലക്ട്രോൺ വിട്ടുകൊടുക്കുന്ന മൂലകങ്ങൾ ഏതെല്ലാം ?

A. A, B　　B. B, C　　C. A, E　　D. B, D

**Solution: C. A, E**

- ബാഹ്യതമഷെല്ലിലെ ഇലക്ട്രോണുകളുടെ അഷ്ടക സംവിധാനം കൈവരിച്ച് സ്ഥിരത നേടുന്ന പ്രക്രിയ - രാസബന്ധനം
- അയോണിക ബന്ധനം വഴിയുണ്ടാകുന്നവയാണ് അയോണിക സംയുക്തങ്ങൾ
- ഇലക്ട്രോൺ പങ്കുവയ്ക്കൽ മൂലമുണ്ടാകുന്ന രാസബന്ധനമാണ് സഹസംയോജക ബന്ധനം.
- മൂന്നു ജോഡി ഇലക്ട്രോണുകളെ പങ്കുവച്ചുണ്ടാകുന്ന സഹസംയോജകബന്ധനത്തെ ത്രിബന്ധനം എന്നു പറയുന്നു.

**36. സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ചേരുംപടി ചേർക്കുക:**

(സൂചകങ്ങൾ F=9, O=8, N=7)

| A | B |
|---|---|
| 1. ഏകബന്ധനം | A. F2 |
| 2. ദ്വിബന്ധനം | B. O2 |
| 3. ത്രിബന്ധനം | C. N2 |

A. 1 A, 2 B, 3 C　　B. 1 C, 2 B, 3 A　　C. 1 B, 2 C, 3 A　　D. 1 B, 2 A, 3 C

**Solution: A. 1 A, 2 B, 3 C**

- ആറ്റങ്ങൾ തമ്മിൽ ഇലക്ട്രോണുകൾ പങ്കുവെച്ചുകൊണ്ടുള്ള രാസബന്ധനമാണ് സഹസംയോജക ബന്ധനം.
- ഒരു ജോഡി ഇലക്ട്രോണുകൾ പങ്കുവെച്ചുണ്ടാവുന്ന സഹസംയോജക ബന്ധനം - ഏകബന്ധനം
- രണ്ട് ജോഡി ഇലക്ട്രോണുകൾ പങ്കുവെച്ചുണ്ടാവുന്ന സഹസംയോജക ബന്ധനം - ദ്വിബന്ധനം
- മൂന്ന് ജോഡി ഇലക്ട്രോണുകൾ പങ്കുവെച്ചുണ്ടാവുന്ന സഹസംയോജക


ENTRI

ബന്ധനം ആണ് ത്രിബന്ധനം.

**37. ഒരു അലുമിനിയം ആറ്റത്തിൽ 13 ഇലക്ട്രോണുകളും 14 ന്യൂട്രോണുകളും അടങ്ങിയിരിക്കുന്നു. എങ്കിൽ,**

1. അലുമിനിയത്തിൻറെ ആറ്റോമിക നമ്പർ എത്ര ?
2. അലുമിനിയത്തിൻറെ മാസ് നമ്പർ എത്ര ?

A. 1-13, 2-14 B. 1- 14, 2-27 C. 1-13, 2- 27 D. 1- 14, 2- 28

**Solution: C. 1-13, 2- 27**

- ഒരു പദാർത്ഥത്തിൻറെ രാസപരമായ ഏറ്റവും ചെറിയ കണിക- ആറ്റം
- ആറ്റം കണ്ടുപിടിച്ചത് - ജോൺ ഡാൾഡൺ
- ആറ്റത്തിലെ മൂന്നു കണങ്ങൾ- പ്രോട്ടോൺ, ന്യൂട്രോൺ, ഇലക്ട്രോൺ
- ആറ്റത്തിൻറെ കേന്ദ്രഭാഗം - ന്യൂക്ലിയസ്
- ന്യൂക്ലിയസ്സിലെ കണങ്ങൾ (ന്യൂക്ലിയോണുകൾ) -പ്രോട്ടോണും ന്യൂട്രോണും
- ഒരാറ്റത്തിലെ പ്രോട്ടോണുകളുടെയും ഇലക്ട്രോണുകളുടെയും എണ്ണം തുല്യമായിരിക്കും.
- ഒരാറ്റത്തിലെ പ്രോട്ടോണുകളുടെ/ ഇലക്ട്രോണുകളുടെ എണ്ണം-അറ്റോമിക് നമ്പർ (Z)
- ഒരാറ്റത്തിലെ പ്രോട്ടോണുകളുടെയും ന്യൂട്രോണുകളുടെയും ആകെ തുക - മാസ് നമ്പർ (A)

**38. ഒരു മൂലകത്തിൻറെ മൂന്ന് ഷെല്ലുകളിൽ ഇലക്ട്രോണുകൾ ഉണ്ട്. അതിൻറെ ബാഹ്യമതാ ഷെല്ലിൽ 7 ഇലക്ട്രോണുകൾ ഉണ്ട്.ആറ്റത്തിൻറെ ന്യൂക്ലിയസിൽ 18 ന്യൂട്രോണുകൾ അടങ്ങിയിരിക്കുന്നു. ഇതിൻറെ അടിസ്ഥാനത്തിൽ താഴെ തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:**

1. തന്നിരിക്കുന്ന ആറ്റത്തിൻറെ അറ്റോമിക് നമ്പർ 18 ആണ്.
2. തന്നിരിക്കുന്ന ആറ്റത്തിൻറെ മാസ് നമ്പർ 36 ആണ്.

A. 1 ശരി, 2 ശരി B. 1 ശരി, 2 തെറ്റ് C. 1 തെറ്റ്, 2 ശരി D. 1 തെറ്റ്, 2 തെറ്റ്

**Solution: D. 1 തെറ്റ്, 2 തെറ്റ്**

- ആറ്റത്തിലെ മൂന്നു കണങ്ങൾ- പ്രോട്ടോൺ, ന്യൂട്രോൺ, ഇലക്ട്രോൺ
- ആറ്റത്തിൻറെ കേന്ദ്രഭാഗം - ന്യൂക്ലിയസ്
- ന്യൂക്ലിയസ്സിലെ കണങ്ങൾ (ന്യൂക്ലിയോണുകൾ) -പ്രോട്ടോണും ന്യൂട്രോണും
- ഒരാറ്റത്തിലെ പ്രോട്ടോണുകളുടെയും ഇലക്ട്രോണുകളുടെയും എണ്ണം തുല്യമായിരിക്കും.
- ഒരാറ്റത്തിലെ പ്രോട്ടോണുകളുടെ/ ഇലക്ട്രോണുകളുടെ എണ്ണം-അറ്റോമിക് നമ്പർ (Z)
- ഒരാറ്റത്തിലെ പ്രോട്ടോണുകളുടെയും ന്യൂട്രോണുകളുടെയും ആകെ തുക - മാസ് നമ്പർ (A)
- ന്യൂക്ലിയസ്സിനു ചുറ്റുമുള്ള ഷെല്ലുകൾക്ക് K, L M, N എന്നിങ്ങനെയാണ് പേര്


ENTRI

നൽകിയിരിക്കുന്നത്.
• ഓരേ ഷെല്ലിലും ഉൾക്കൊള്ളാൻ കഴിയുന്ന പരമാവധി ഇലക്ട്രോണുകളുടെ എണ്ണമാണ് $2n^2$(n =Number of shell)
• തന്നിരിക്കുന്ന ആറ്റത്തിൻറെ ഇലക്ട്രോൺ വ്യന്യാസം 2,8,7
• തന്നിരിക്കുന്ന ആറ്റത്തിൻറെ അറ്റോമിക് നമ്പർ 17 ആണ്.
• തന്നിരിക്കുന്ന ആറ്റത്തിൻറെ മാസ് നമ്പർ 35 ആണ്.

**39. തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:**
1. ആറ്റം വൈദ്യുതപരമായി ഉദാസീനമാണ്.
2. ഒരു ആറ്റത്തിൻറെ മാസ്സ് കേന്ദ്രീകരിച്ചിരിക്കുന്നത് ന്യൂക്ലിയസിൽ ആണ്.
A. 1 ശരി, 2 ശരി B. 1 തെറ്റ്, 2 തെറ്റ് C. 1 ശരി, 2 തെറ്റ് D. 1 തെറ്റ്, 2 ശരി

**Solution: A. 1 ശരി, 2 ശരി**
• ഒരു ആറ്റത്തിൽ പോസിറ്റീവ് ചാർജുള്ള കണങ്ങളും നെഗറ്റീവ് ചാർജുള്ള കണങ്ങളും ഉണ്ട് .
• പോസിറ്റീവ് ചാർജുള്ള കണങ്ങളുടെയും നെഗറ്റീവ് ചാർജുള്ള കണങ്ങളുടെയും എണ്ണം തുല്യമാണ് . അതിനാൽ ആറ്റം വൈദ്യുതപരമായി ഉദാസീനമാണ്.
• മാസ്സുള്ള കണങ്ങളായ പ്രോട്ടോണുകളും ന്യൂട്രോണുകളും ന്യൂക്ലിയസിൽ ആയതിനാൽ, ഒരു ആറ്റത്തിൻറെ മാസ്സ് കേന്ദ്രീകരിച്ചിരിക്കുന്നത് ന്യൂക്ലിയസിൽ ആണ്.

**40. ആറ്റത്തിലെ മൂന്നു കണങ്ങൾ ആണ് പ്രോട്ടോൺ, ന്യൂട്രോൺ, ഇലക്ട്രോൺ എന്നിവ. ഇവയിൽ ന്യൂക്ലിയോണുകൾ ഏതെല്ലാം:**
1. പ്രോട്ടോൺ
2. ന്യൂട്രോൺ
3. ഇലക്ട്രോൺ
A. 1,2 B. 2,3 C. 1,3 D. 1,2,3

**Solution: A. 1,2**
• ആറ്റത്തിലെ മൂന്നു കണങ്ങൾ- പ്രോട്ടോൺ, ന്യൂട്രോൺ, ഇലക്ട്രോൺ
• ആറ്റത്തിൻറെ കേന്ദ്രഭാഗം - ന്യൂക്ലിയസ്
• ന്യൂക്ലിയസ്സിലെ കണങ്ങൾ (ന്യൂക്ലിയോണുകൾ) -പ്രോട്ടോണും ന്യൂട്രോണും
• ഒരാറ്റത്തിലെ പ്രോട്ടോണുകളുടെയും ഇലക്ട്രോണുകളുടെയും എണ്ണം തുല്യമായിരിക്കും.
• ഒരാറ്റത്തിലെ പ്രോട്ടോണുകളുടെ/ ഇലക്ട്രോണുകളുടെ എണ്ണം-അറ്റോമിക് നമ്പർ (Z)
• ഒരാറ്റത്തിലെ പ്രോട്ടോണുകളുടെയും ന്യൂട്രോണുകളുടെയും ആകെ തുക - മാസ് നമ്പർ (A)

**41. ഡാൾട്ടൺൻറെ ആറ്റോമിക സിദ്ധാന്തിലെ ചില ആശയങ്ങൾ**


ENTRI

**താഴെ കൊടുത്തിരിക്കുന്നു.ഇവയിൽ തെറ്റായിട്ടുള്ളവ ഏതെല്ലാം:**
1. രാസപ്രവർത്തനത്തിൽ ഏർപ്പെടാൻ കഴിയുന്ന ഏറ്റവും ചെറിയ കണികയാണ് തന്മാത്ര.
2. മൂലകത്തിൻറെ ആറ്റങ്ങളെല്ലാം ഗുണത്തിലും വലിപ്പത്തിലും വ്യത്യസ്തമായിരിക്കും.
3. എല്ലാ പദാർഥങ്ങളും ആറ്റം എന്നു പറയുന്ന അതിസൂക്ഷ്മ കണങ്ങളാൽ നിർമ്മിതമാണ്.

A. 1,2 B. 2,3 C. 1,3 D. 1,2,3

**Solution: A. 1,2**

ഡാൾട്ടൺൻറെ ആറ്റോമിക സിദ്ധാന്തിലെ ചില ആശയങ്ങൾ

- രാസപ്രവർത്തനത്തിൽ ഏർപ്പെടാൻ കഴിയുന്ന ഏറ്റവും ചെറിയ കണികയാണ് ആറ്റം .
- മൂലകത്തിൻറെ ആറ്റങ്ങളെല്ലാം ഗുണത്തിലും വലിപ്പത്തിലും സമാനമായിരിക്കും.
- എല്ലാ പദാർഥങ്ങളും ആറ്റം എന്നു പറയുന്ന അതിസൂക്ഷ്മ കണങ്ങളാൽ നിർമ്മിതമാണ്.
- രണ്ടോ അതിലധികമോ മൂലകങ്ങളുടെ ആറ്റങ്ങൾ ലളിതമായ അനുപാതത്തിൽ സംയോജിച്ചാണ് സംയുക്തങ്ങൾ ഉണ്ടാവുന്നത്.

**42. താഴെ തന്നിരിക്കുന്നവയിൽ നിന്നും ഭൗതിക മാറ്റത്തിൻറെ പ്രത്യേകതകൾ തിരഞ്ഞെടുക്കുക:**
1. താൽക്കാലിക മാറ്റം
2. പദാർത്ഥങ്ങൾ ഊർജ്ജം സ്വീകരിക്കുകയോ പുറത്തുവിടുകയോ ചെയ്ത് പുതിയ പദാർത്ഥങ്ങളായി മാറുന്ന പ്രവർത്തനം
3. തന്മാത്ര ക്രമീകരണം വ്യത്യാസപ്പെടുന്നു

A. 1,2 B. 2,3 C. 1,3 D. 1,2,3

**Solution: C. 1,3**

**ഭൗതികമാറ്റം**
- താൽക്കാലിക മാറ്റം.
- തന്മാത്ര ക്രമീകരണം വ്യത്യാസപ്പെടുന്നു.
- രാസഘടനയിൽ മാറ്റം സംഭവിക്കുന്നില്ല.

**രാസമാറ്റം**
- പദാർഥങ്ങൾ ഊർജം സ്വീകരിക്കുകയോ പുറത്തുവിടുകയോ ചെയ്ത് പുതിയ പദാർഥങ്ങളായി മാറുന്ന പ്രവർത്തനങ്ങളാണ് രാസമാറ്റങ്ങൾ.
- രാസമാറ്റം സ്ഥിരമാറ്റമാണ്.

**43. ഭൗതിക മാറ്റവുമായി ബന്ധപ്പെടുത്താവുന്ന പ്രസ്താവന ഏത്?**
A. സ്ഥിരമാറ്റം.
B. പുതിയൊരു പദാർത്ഥം രൂപപ്പെടുന്നു.


ENTRI

C. തന്മാത്ര ക്രമീകരണം വ്യത്യാസപ്പെടുന്നു.
D. പഞ്ചസാരകത്തി കരിയാവുന്നു

**Solution: C. തന്മാത്ര ക്രമീകരണം വ്യത്യാസപ്പെടുന്നു**
സ്ഥിരമായതും പുതിയപദാർത്ഥങ്ങൾ ഉണ്ടാവുന്നതുമായ മാറ്റം- രാസമാറ്റം
• പഞ്ചസാരകത്തി കരിയാവുന്നു.
• ആസിഡും ആൽക്കലിയും തമ്മിൽ പ്രവർത്തിച്ച ജലവും ലവണവും ഉണ്ടാകുന്നു.
• വിറക് കത്തിചാരമാകുന്നു.
**ഭൗതികഗുണങ്ങളിൽ മാത്രം മാറ്റം ഉണ്ടാകുന്നതും താത്കാലികമായതുമായ മാറ്റം- ഭൗതികമാറ്റം**
• ജലം ഐസാവുന്നു.
• പഞ്ചസാര വെള്ളത്തിൽ ലയിക്കുന്നു.
• മെഴുക് ഉരുകുന്നു.
• ജലം നീരാവിയാകുന്നു.

**44. താഴെ നൽകിയിരിക്കുന്നവയിൽ നിന്നും ഭൗതിക മാറ്റത്തിനുള്ള ഉദാഹരണങ്ങൾ തിരഞ്ഞെടുക്കുക:**
1. ജലം ഐസാവുന്നു.
2. മെഴുക് ഉരുകുന്നു.
3. പഞ്ചസാര കത്തി കരിയാവുന്നു.
A. 1,2 B. 2,3 C. 1,3 D. 1,2,3

**Solution: A. 1,2**
**ഭൗതികമാറ്റം**
• താൽക്കാലിക മാറ്റം.
• തന്മാത്ര ക്രമീകരണം വ്യത്യാസപ്പെടുന്നു.
• രാസഘടനയിൽ മാറ്റം സംഭവിക്കുന്നില്ല.

**45. താഴെ നല്കിയിരിക്കുന്നതിൽ ഭൗതിക മാറ്റം ഏത്?**
1. ഇരുമ്പ് തുരുമ്പിക്കൽ
2. ആഹാരം ദഹിക്കുന്നത്
3. ജലം ഘനീഭവിക്കുന്നത്
A. 1 B. 1,2 C. 3 D. 1,2,3

**Solution: C. 3**
• പദാർത്ഥങ്ങളിലെ തന്മാത്രാ ക്രമീകരണത്തിൽ മാത്രം വ്യത്യാസം സംഭവിക്കുകയും , പഴയ അവസ്ഥയിലേക്ക് എളുപ്പം മാറ്റാൻ സാധിക്കുകയും ചെയ്യുന്ന തരം മാറ്റമാണ് ഭൗതിക മാറ്റം.
• ഭൗതിക മാറ്റം താൽക്കാലികമായ മാറ്റമാണ്.
• ഭൗതിക മാറ്റത്തിന് ഉദാഹരണമാണ് ജലം ഐസാവുന്നത്.


ENTRI

**46. തന്നിരിക്കുന്ന പ്രസ്താവനകൾ പരിഗണിക്കുക:**
1. വസ്തുക്കളോ പദാർത്ഥങ്ങളോ അവയുടെ രാസഘടനയിൽ മാറ്റം വരുത്താതെ മാറ്റത്തിന് വിധേയമാകുമ്പോൾ ഭൗതിക മാറ്റങ്ങൾ സംഭവിക്കുന്നു.
2. ഭൗതിക മാറ്റം സാധാരണയായി റിവേഴ്സിബിൾ ആണ്.
A. 1 ശരി, 2 തെറ്റ് B. 1 തെറ്റ്, 2 ശരി C. 2 തെറ്റ്, 2 തെറ്റ് D. 1 ശരി, 2 ശരി

**Solution: D. 1 ശരി, 2 ശരി**
• വസ്തുക്കളോ പദാർത്ഥങ്ങളോ അവയുടെ രാസഘടനയിൽ മാറ്റം വരുത്താതെ മാറ്റത്തിന് വിധേയമാകുമ്പോൾ ഭൗതിക മാറ്റങ്ങൾ സംഭവിക്കുന്നു.
• ഒരു പദാർത്ഥത്തിൻറെ ഭൗതിക ഗുണങ്ങളിൽ ആകൃതി , നിറം, ഘടന, വഴക്കം, സാന്ദ്രത, പിണ്ഡം തുടങ്ങിയ സ്വഭാവസവിശേഷതകൾ ഉൾപ്പെടുന്നു.
• ഭൗതിക മാറ്റം സാധാരണയായി റിവേഴ്സിബിൾ ആണ്.
• തിളപ്പിക്കൽ, ഉരുകൽ, മരവിപ്പിക്കൽ, കീറൽ എന്നിവയാണ് ഭൗതിക മാറ്റത്തിന് ഉദാഹരണങ്ങൾ.
